പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2019-2021)

**അഞ്ചാമത് റിപ്പോർട്ട്**

(2019 നവംബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സാംസ്കാരികകാര്യ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ/ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021)

**അഞ്ചാമത് റിപ്പോർട്ട്**

(2019 നവംബർ മാസം 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

സാംസ്കാരികകാര്യ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ/ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച റിപ്പോർട്ട്

411/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2019-2021)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മോൻസ് ജോസഫ്.

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. നൗഷാദ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. കെ. ശശി

ശ്രീ. ഐ. ബി. സതീഷ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2019-2021) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2019 നവംബർ 18-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 18.

## ആമുഖം

ജനാധിപത്യത്തിന്റെ അന്തഃസത്ത കാത്തുസൂക്ഷിക്കുന്നതിനും പൊതുജനാഭിലാഷം നിറവേറ്റുന്നതിനും ജനങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതിനും സർക്കാർ രേഖകൾ പ്രസിദ്ധപ്പെടുത്തേണ്ടത് അനിവാര്യമാണ്. സർക്കാർ രേഖകൾ യഥാസമയം പുറപ്പെടുവിക്കുന്നുണ്ടോ, അവ പൊതുജന താത്പര്യം നിറവേറ്റുവാൻ പര്യാപ്തമായ രീതിയിലാണോ തയ്യാറാക്കിയിട്ടുള്ളത്, തീരുമാനങ്ങളിൽ നിയമപരമായ പോരായ്മകളുണ്ടോ എന്നറിയുന്നതിന് അവ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ, വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയും പൊതുമേഖലാസ്ഥാപനങ്ങളുടെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയവയും ചട്ടപ്രകാരം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് അനുശാസിച്ചിട്ടുള്ളത്. രേഖകൾ 'നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുക' എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നതു തന്നെ അവ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി തുറന്നുകൊടുക്കുക എന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനും സർക്കാർ തീരുമാനങ്ങളിൽ ന്യൂനതകളോ ക്രമക്കേടുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി സഭയിൽ ഉന്നയിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഇതുവഴി സാമാജികർക്ക് സാധിക്കുന്നതാണ്. നിയമനിർമ്മാണത്തിലെന്നതുപോലെ സർക്കാർ തീരുമാനത്തിലുള്ള പോരായ്മകൾ ചൂണ്ടിക്കാട്ടുന്നതും നിയമസഭാംഗങ്ങളുടെ അവകാശങ്ങളിൽ പെട്ടതാണ്. രേഖകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാതെ വരുന്നത് അംഗങ്ങളുടെ അവകാശങ്ങളിന്മേലുള്ള കൈകടത്തലും വിവരങ്ങൾ ഗുണഭോക്താക്കളെ യഥാസമയം അറിയിക്കാതിരിക്കുന്നത് നിയമലംഘനവുമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉദ്ദേശിച്ച ഫലപ്രാപ്തി കിട്ടാതെ വരുന്നതും പരിഹാര മാർഗ്ഗം ദുർഘടമായി മാറുന്നതും അതുവഴി സ്ഥാപനം നഷ്ടത്തിലാകുന്നതും അവയുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുന്ന വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് ചെയ്ത കണക്കുകളും ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കാത്തതുകൊണ്ടുകൂടിയാണ്.

സർക്കാർ രേഖകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന്, മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച മുൻ സമിതികളുടെ പാത പിൻതുടർന്ന് ഈ സമിതിയും പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി റിപ്പോർട്ട് ഏറെ കുടിശ്ശികയാക്കിയ സാംസ്കാരികകാര്യ വകുപ്പിൽ നിന്നും വകുപ്പ് സെക്രട്ടറി, സ്ഥാപനത്തിന്റെ മേധാവികൾ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരിൽ നിന്നും 2019 സെപ്റ്റംബർ മാസം 25-ാം തീയതി സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

നിയമസഭയുടെ നടപടിക്രമമനുസരിച്ച് ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.-കൾ, വിജ്ഞാപനങ്ങൾ, സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഒരു നിശ്ചിത കാലയളവിനുള്ളിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക എന്നത് വകുപ്പുകൾ ചെയ്യേണ്ട നടപടിക്രമമാണ്. എന്നാൽ സമയബന്ധിതമായി അവ സമർപ്പിക്കുന്നതിൽ ഗുരുതരവീഴ്ചയാണ് സാംസ്കാരികകാര്യ വകുപ്പ് വരുത്തിയിട്ടുള്ളത്.

2. സാംസ്കാരികകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന പല വിജ്ഞാപനങ്ങളും, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചില സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും നിശ്ചിത സമയ പരിധിക്കുള്ളിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ലഭ്യമാക്കുന്നതിലും റിപ്പോർട്ടുകളുടെ കാലതാമസപത്രികയിന്മേൽ അധികവിവരം ആവശ്യപ്പെട്ടാൽ മറുപടി നൽകുന്നതിലും നിഷേധാത്മകമായ നിലപാടാണ് വകുപ്പ് സ്വീകരിക്കുന്നത്. അതുപോലെ, കാലതാമസ പത്രികയില്ലാതെ സ്ഥാപനങ്ങളുടെ കരട്ശ്ശിക റിപ്പോർട്ടുകൾ മാത്രം സമിതിക്ക് ലഭ്യമാക്കിയ സാഹചര്യവുമുണ്ടായിട്ടുണ്ട്. കത്തും ഓർമ്മക്കുറിപ്പുകളും വകുപ്പ് സെക്രട്ടറിക്ക് നെയിം കവർ കത്തും അയച്ചിട്ടും, റിപ്പോർട്ട് വൈകിയതിനുള്ള കാലതാമസപത്രിക ലഭ്യമാക്കാൻ വകുപ്പിന് വർഷങ്ങൾ തന്നെ വേണ്ടിവന്നു എന്നുള്ളത് വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയാണ് വെളിപ്പെടുത്തുന്നത്. ഇക്കാര്യങ്ങൾ സമിതി ഗൗരവമായി കാണുകയും വകുപ്പ് സെക്രട്ടറിയിൽ നിന്നും നേരിട്ട് വിശദീകരണം ആരായാൻ തീരുമാനിക്കുകയും ചെയ്തു.

3. വാർഷിക റിപ്പോർട്ടുകൾ അതാതു വർഷം തയ്യാറാക്കാതെ കുറെ വർഷങ്ങളിലെ റിപ്പോർട്ടുകൾ ഒരുമിച്ച് തയ്യാറാക്കി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന പ്രവണത സാംസ്കാരികകാര്യ വകുപ്പിനു കീഴിലുള്ള പല സ്ഥാപനങ്ങളും പുലർത്തിവരുന്നുണ്ട്. റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസമുണ്ടായാൽ ഓരോ വർഷത്തെയും റിപ്പോർട്ടുകൾക്കൊപ്പം പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്നതാണ് വ്യവസ്ഥ. കാലതാമസത്തിനുള്ള കാരണങ്ങൾ വിവിധങ്ങളാണ് എന്നതുകൊണ്ട് തന്നെ വൈകി ലഭ്യമാക്കുന്ന ഓരോ വിജ്ഞാപനത്തിനും പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കേണ്ടതുമുണ്ട്. ഈ വ്യവസ്ഥ പാലിക്കുന്നതിലും സാംസ്കാരികകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണുണ്ടായിട്ടുള്ളത് എന്ന് സമിതി വിലയിരുത്തുന്നു.

4. സാംസ്കാരികകാര്യ വകുപ്പിന്റെയും അതിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു ചോദ്യാവലി വകുപ്പിന് നൽകിയിരുന്നുവെങ്കിലും അതിനും യഥാസമയം ഒരു മറുപടി നൽകാൻ വകുപ്പിന് സാധിച്ചിട്ടില്ല. പ്രസ്തുത ചോദ്യാവലി ചുവടെ ചേർക്കുന്നു:

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166(B) പ്രകാരം സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിശദ വിവരം .

2. ഓരോ സ്ഥാപനം ഏത് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ? പ്രസ്തുത ആക്ടിൽ വാർഷിക റിപ്പോർട്ട്/വാർഷിക കണക്ക്/ഭരണ റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുക.

3. ഓരോ സ്ഥാപനത്തിന്റെയും ഏത് വർഷം വരെയുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് അക്കൗണ്ടുകളുമാണ് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിന് ലഭ്യമാക്കിയിട്ടുള്ളത്?

4. റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കുടിശ്ശികയുണ്ടാവാനിടയാക്കിയ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?

5. സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ, സർക്കാർ ധനസഹായം നല്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

    1. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
    2. കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
    3. കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ.
    4. കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ.
    5. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
    6. ഭാരത് ഭവൻ.
    7. ജവഹർ ബാലഭവൻ, തിരുവനന്തപുരം.
    8. ജവഹർ ബാലഭവൻ, കൊല്ലം.
    9. ജവഹർ ബാലഭവൻ, കോട്ടയം.
    10. ജവഹർ ബാലഭവൻ, ആലപ്പുഴ.
    11. ജവഹർ ബാലഭവൻ, തൃശ്ശൂർ.
    12. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ.

13. വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം, നളന്ദ.
14. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്.
15. ഗുരുഗോപിനാഥ് നടനഗ്രാമം.
16. ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ.
17. ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം.
18. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി, മലപ്പുറം.
19. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
20. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
21. സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
22. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ.
23. കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ.
24. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

25-9-2019 വരെ കുടിശ്ശികയായിട്ടുള്ള രേഖകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട്/ സമർപ്പിച്ച തിയതി | കുടിശ്ശിക റിപ്പോർട്ടുകൾ | അധിക വിവരം/കാലതാമസ പത്രിക |
|---|---|---|---|
| 1 | 2 | 3 | 4 |
| കേരള കലാ മണ്ഡലം | 2012-13-ലെ വാർഷിക റിപ്പോർട്ട് 11-3-2015 | 2013-14 മുതൽ 2017-18 വരെ | - |
| കേരള സംഗീത നാടക അക്കാദമി | 2017-18-ലെ വാർഷിക റിപ്പോർട്ട് 30-11-2018 | ഇല്ല | - |

| 1 | 2 | 3 | 4 |
|---|---|---|---|
| ഭാരത് ഭവൻ | 2014-15-ലെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും, 10-2-2016 | 2015-16 മുതൽ 2017-18 വരെ | 2005-06 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല (4927/സി.പി.എൽ2/2010/നി.സെ. 6575/സി.പി.എൽ2/ 2011/നി.സെ. 4463/സി.പി.എൽ2/2013/നി.സെ.) 2013-14-ലെ വാർഷിക റിപ്പോർട്ടിൻ മേലുള്ള കാലതാമസ പത്രിക ലഭ്യമാക്കിയിട്ടില്ല (915/സി.പി.എൽ 2/2015/നി.സെ.) |
| കേരള ഫോക്‌ലോർ അക്കാദമി | 2010-11-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 6-3-2012 | 2011-12 മുതൽ 2017-18 വരെ | 2011-12-ലെ വാർഷിക റിപ്പോർട്ടിൻ മേലുള്ള കാലതാമസ പത്രിക ലഭ്യമാക്കിയിട്ടില്ല (2120/സി.പി.എൽ2/2013/നി.സെ.) |
| മാർഗി തിരുവനന്തപുരം | 2014-15-ലെ വാർഷിക റിപ്പോർട്ട്, 1-12-2015 | 2012-13 2013-14 2015-16 മുതൽ 2017-18 വരെ | |
| കുമാരാനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ | 2017-18- ലെ വാർഷിക റിപ്പോർട്ട്, 30-11-2018 | ഇല്ല | |
| കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14- ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 30-11-2018 | 2014-15 മുതൽ 2017-18 വരെ | |

| 1 | 2 | 3 | 4 |
|---|---|---|---|
| വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2013-14-ലെ വാർഷിക റിപ്പോർട്ട്, 11-7-2016 | 2014-15 മുതൽ 2017-18 വരെ | - |
| വാസ്തുവിദ്യാ ഗുരുകുലം | 2016-17-ലെ ഭരണ റിപ്പോർട്ട്, 30-1-2018 | 2017-18 | കടിശ്ശിക റിപ്പോർട്ടുകൾ |
| ഗുരു ഗോപിനാഥ് നടന ഗ്രാമം | 2005-06 മുതൽ 2011-12 വരെയുള്ള വാർഷിക റിപ്പോർട്ട്, 7-1-2014 | 2012-13 മുതൽ 2017-18 വരെ | സ്ഥാപനത്തിന്റെ 2005-06 മുതൽ 2011-12 വരെയുള്ള വാർഷിക റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച്. (5-8-2016-ൽ ആവശ്യപ്പെട്ട അധിക വിവരം 10-5-2019 ലാണ് ലഭ്യമാക്കിയത്) (3800/സിപിഎൽ1/2013/നി.സെ.) |
| സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2013-14-ലെ ഭരണ റിപ്പോർട്ട് 1-12-2015 | 2014-15 മുതൽ 2017-2018 വരെ | സ്ഥാപനത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകളുടെ ഡിലേസ്റ്റേറ്റ്മെന്റിൽ പരാമർശിച്ച വിശദീകരണത്തിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് തെളിവെടുപ്പിന് നിർദ്ദേശിച്ച (4380/സിപിഎൽ1/ 2014/നി.സെ.) |
| കേരള ലളിതകലാ അക്കാദമി | 2014-15- ലെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും 1-12-2015 | 2015-16 മുതൽ 2017-18 വരെ | - |

| 1 | 2 | 3 | 4 |
|---|---|---|---|
| സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് | 2015-16-ലെ വാർഷിക റിപ്പോർട്ട് (for laying) | 2016-17, 2017-18 | സ്ഥാപനത്തിന്റെ 2006-07 മുതൽ 2011-12 വരെയുള്ള ഭരണ റിപ്പോർട്ടുകളുടെ ഡിലേസ്റ്റേറ്റ്മെന്റിൻമേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം ലഭ്യമാക്കിയിരുന്നില്ല. (4410/സിപിഎൽ1/2013/നി.സെ.) |
| കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2006-07 മുതൽ 2009-10 വരെ 1-12-2015 | 2010-11 മുതൽ 2017-18 വരെ | - |
| ഉണ്ണായി വാര്യർ സ്മാരക കലാനിലയം | 2017-18- ലെ വാർഷിക റിപ്പോർട്ട്, 30-11-2018 | ഇല്ല | - |
| കേരള സാഹിത്യ അക്കാദമി | 2017-18-ലെ വാർഷിക റിപ്പോർട്ട്, 29-5-2019 | ഇല്ല | - |
| സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 2011-12-ലെ ഭരണ റിപ്പോർട്ട്, 1-12-2015 | 2012-13 മുതൽ 2018-19 വരെ | - |

6. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ, എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവയിന്മേൽ ലഭിച്ച കാലതാമസപത്രികയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരം വിശദീകരണം എന്നിവ സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി, വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവരിൽ നിന്നും 25-9-2019-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി:

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ**

(വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം)

7. കേരളത്തിന്റെ തനതുകലാരൂപങ്ങളുടെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും ആവിഷ്കാരത്തിനും സംരക്ഷണത്തിനും വേദിയാകുന്നതോടൊപ്പം തന്നെ അവയെക്കുറിച്ചുള്ള ഗവേഷണം, രേഖകൾ സൂക്ഷിക്കൽ എന്നിവയ്ക്കും സൗകര്യമൊരുക്കുക എന്ന ഉദ്ദേശത്തോടെ തിരുവനന്തപുരം ജില്ലയിലെ നന്തൻകോട് ആസ്ഥാനമായി 2001 മുതൽ പ്രവർത്തിച്ചു വരുന്ന സാംസ്കാരിക സ്ഥാപനമാണ് വൈലോപ്പിള്ളി സംസ്കൃതി ഭവൻ. നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന ഇന്ത്യയുടേയും അതിന്റെ ഭാഗമായ കേരളത്തിന്റെയും സാംസ്കാരിക ഉണർവിനെ ഉത്തേജിപ്പിക്കുകയും പരിപോഷിപ്പിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. സാംസ്കാരിക പോഷണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ചെയ്യുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഈ സ്ഥാപനം ഒരു പ്രധാന പങ്ക് വഹിക്കുന്നു.

8. 50 ലക്ഷം രൂപയിൽ കൂടുതൽ സർക്കാർ സഹായം കൈപ്പറ്റുന്ന ഈ സ്ഥാപനം അതിന്റെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ 2015-16 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് സ്ഥാപനത്തിന്റെ സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ 2013-14-ലെ വാർഷിക റിപ്പോർട്ട് 11-7-2016-ന് സഭയിൽ സമർപ്പിച്ചതിനുശേഷം റിപ്പോർട്ടുകളൊന്നും തന്നെ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. 2015-16 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ 29-6-2019-ന് വകുപ്പിന് ലഭ്യമാക്കിയിട്ടും തെളിവെടുപ്പ് തീയതി വരെ സമിതിയ്ക്ക് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ലഭ്യമായ റിപ്പോർട്ടുകൾ രണ്ട് മാസത്തിനുള്ളിൽ സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശം നൽകിയതിനെ തുടർന്ന് 2015-16 മുതൽ 2017-18 വരെയുള്ള വാർഷിക ഭരണ റിപ്പോർട്ട് ലഭ്യമാക്കുകയും ആയത് 5-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

9. <u>ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറം ചട്ടയിൽ ഭരണ റിപ്പോർട്ടിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ടെന്ന് രേഖപ്പെടുത്തി റിപ്പോർട്ടുകൾ കുടിശ്ശികയില്ലാതെ സമർപ്പിക്കുന്നതിന് വകുപ്പ് ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകണമെന്നും വകുപ്പിന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**കേരള കലാമണ്ഡലം**

10. മഹാകവി വള്ളത്തോൾ നാരായണമേനോൻ 1930-ൽ തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി ആസ്ഥാനമായി സ്ഥാപിച്ച കേരള കലാമണ്ഡലം കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ തുടങ്ങിയവയുടെ വികാസവും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. 2007 മുതൽ ഇതിന് കൽപ്പിത സർവ്വകലാശാല പദവി ലഭിച്ചു.

11. പ്രസ്തുത സ്ഥാപനത്തിന്റെ 2013-14 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് കണക്കുകളും കുടിശ്ശികയാണ്. സ്ഥാപനത്തിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് 11-3-2015-ൽ സഭയിൽ സമർപ്പിച്ചതിനുശേഷം നാളിതുവരെ ഒരു റിപ്പോർട്ടുപോലും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ കൃത്യമായി സഭയിൽ സമർപ്പിക്കാത്തതിൽ തെളിവെടുപ്പ് വേളയിൽ ശക്തമായ താക്കീത് നൽകുകയും മൂന്നുമാസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ സമിതി നിർദ്ദേശം പാലിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

12. <u>കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

**കേരള ഫോക് ലോർ അക്കാദമി**

13. കേരള ഫോക് ലോർ അക്കാദമി 1995-ൽ കണ്ണൂർ ആസ്ഥാനമായി രൂപീകരിച്ചു. നാടൻകലകളുടെ പുനരുദ്ധാരണവും സംരക്ഷണവും പ്രചാരണവും ലക്ഷ്യമാക്കിയിട്ടുള്ളതാണ് ഇതിന്റെ പ്രവർത്തനം. കേരള ഫോക് ലോർ അക്കാദമി 2010-11 വരെയുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും മാത്രമാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 2011-12-ലെ റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകളും സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷം വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റും 2018-19 വർഷം വരെയുള്ള എ.ജി.-യുടെ ഓഡിറ്റും പൂർത്തിയായിട്ടുണ്ടെന്ന് ഫോക് ലോർ അക്കാദമി സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ സമിതി മുമ്പാകെ വെളിപ്പെടുത്തിയിരുന്നു. 2011-12-ലെ റിപ്പോർട്ടിൻമേലുള്ള ഡിലേസ്റ്റേറ്റ്മെന്റും 2017-18 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകളും ഡിലേ സ്റ്റേറ്റ്മെന്റുകളും മൂന്ന് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു.

14. <u>ദീർഘകാലത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാക്കിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം കർശനമായി പാലിക്കണമെന്നും കുടിശ്ശികയില്ലാതെ തന്നെ റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് വകുപ്പ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**വാസ്തുവിദ്യാ ഗുരുകുലം**

15. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ 1993 നവംബർ 17 മുതൽ പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ പ്രവർത്തിച്ചുവരുന്ന ഭാരതീയ വാസ്തുവിദ്യാ ചുമർച്ചിത്ര സംരക്ഷണ കേന്ദ്രമാണ് വാസ്തുവിദ്യാ കേന്ദ്രം. വാസ്തുവിദ്യയുടെ ആധാര ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി സിലബസുകൾ തയ്യാറാക്കി യൂണിവേഴ്സിറ്റി അംഗീകൃത കോഴ്സ് ഉൾപ്പെടെ അഞ്ച് അക്കാഡമിക് കോഴ്സുകൾ വാസ്തുവിദ്യാ ഗുരുകുലം നടത്തിവരുന്നു. സാമാന്യ ജനങ്ങൾക്ക് ഈ ശാസ്ത്ര ശാഖയെ അതിന്റെ തനിമ നഷ്ടപ്പെടാതെ പൂർണ്ണ ഗൗരവത്തോടുകൂടി മനസ്സിലാക്കികൊടുക്കുന്നതിന് ഈ സ്ഥാപനം നിലകൊള്ളുന്നു.

16. 50 ലക്ഷം രൂപയ്ക്ക് പുറത്ത് സർക്കാർ ഗ്രാന്റ് കൈപ്പറ്റുന്ന ഈ സ്ഥാപനം വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. സ്ഥാപനത്തിന്റെ 2017-18-ലെ റിപ്പോർട്ട് വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്നും ആയത് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കാമെന്നും തെളിവെടുപ്പ് യോഗത്തിൽ സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകിയിരുന്നു. ആയത് പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

17. കുടിശ്ശിക റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കണമെന്നും ഇനിമുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ ഭരണ റിപ്പോർട്ടിനു പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ടെന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ വകുപ്പ് സെക്രട്ടറി ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**മാർഗി**

18. കഥകളി, കൂടിയാട്ടം, മാർഗി തുടങ്ങിയ കലാരൂപങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനായി 1960-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായ ഒരു സ്വകാര്യ സ്ഥാപനമാണ് മാർഗി. സ്ഥാപനത്തിന് എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നുണ്ടെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ 2014-15-ലെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2012-13, 2013-14 വർഷങ്ങളിലെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന് പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകുന്നതുകൊണ്ട് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്നും ആയതിനാൽ സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്**

19. മലയാള സിനിമയുടെ നിർമ്മാണവും വികസനവും ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ 1975-ൽ സ്ഥാപിക്കപ്പെട്ട കേരള സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്. കേരള സർക്കാരിന് വേണ്ടി

ഡോക്കുമെന്ററികളും വീഡിയോകളും നിർമ്മിക്കുന്നത് പ്രസ്തുത സ്ഥാപനമാണ്. സ്ഥാപനത്തിന്റെ 2013-14 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കിയിട്ടുള്ളൂ. അഞ്ച് വർഷം മുമ്പ് സ്ഥാനം ഏറ്റെടുക്കുമ്പോൾ 2004-05 വരെയുള്ള ഓഡിറ്റ് മാത്രമേ പൂർത്തിയാക്കിയിരുന്നുള്ളൂവെന്നും സ്ഥാനമേറ്റെടുത്ത ശേഷം യുദ്ധകാലടിസ്ഥാനത്തിൽ ഓഡിറ്റ് പൂർത്തീകരിച്ച് 2014-15 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനായി വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും തുടർന്നുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഊർജ്ജിത ശ്രമം തുടങ്ങിയിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് യോഗത്തിൽ വിശദീകരിച്ചു. റിപ്പോർട്ടുകൾ കാലികമാക്കാൻ ശ്രമം നടത്തിയ ഡയറക്ടറെയും മറ്റ് ജീവനക്കാരെയും സമിതി തെളിവെടുപ്പ് യോഗത്തിൽ അഭിനന്ദിച്ചിരുന്നു. സ്ഥാപനത്തിന്റെ 2014-15 മുതൽ 2017-18 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 2020 ഏപ്രിൽ മാസത്തിനകം ലഭ്യമാക്കാമെന്ന് ഡയറക്ടർ യോഗത്തിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

20. <u>സ്ഥാപനത്തിന്റെ തയ്യാറാക്കിയ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും 2018-19 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 2020 ഏപ്രിൽ മാസത്തിനകം ഓരോ വർഷത്തേക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കുവാൻ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**ഭാരത് ഭവൻ**

21. ഭാഷ, സംസ്കാരം, കല എന്നിവയുടെ ഉന്നമനത്തിന് നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെ 1984-ൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച സാംസ്കാരിക സ്ഥാപനമാണ് ഭാരത് ഭവൻ. ഭാരത് ഭവന്റെ 2014-15-ലെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും 10-2-2016-ന് സഭയിൽ സമർപ്പിച്ചു. 2005-06 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടുകളുടെ കാലതാമസപത്രികയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരവും 2013-14-ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയും നാളിതുവരെ സമിതിക്ക് ലഭ്യമാക്കാത്ത നടപടിയിൽ തെളിവെടുപ്പ് വേളയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. സ്ഥാപനത്തിന്റെ 2015-16, 2016-17 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടില്ല എന്ന് വകുപ്പ് സെക്രട്ടറി യോഗത്തിൽ സമിതിയെ ബോധിപ്പിച്ചിരുന്നു.

22. <u>സ്ഥാപനത്തിന്റെ ഓഡിറ്റ് അടിയന്തരമായി പൂർത്തീകരിച്ച് കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

**ഗുരു ഗോപിനാഥ് നടന ഗ്രാമം**

23. സംഗീതം, നൃത്തം, വാദ്യസംഗീതം തുടങ്ങിയ കലാരൂപങ്ങൾക്ക് മികച്ച ശിക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗുരു ഗോപിനാഥിന്റെ സ്മരണാർത്ഥം 1995-ൽ തിരുവനന്തപുരം ജില്ലയിലാണ് നടന ഗ്രാമം സ്ഥാപിതമായത്. ഗുരു ഗോപിനാഥ്

നടന ഗ്രാമത്തിന്റെ 2012-13 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയുണ്ട്. സ്ഥാപനത്തിന്റെ 2005-06 മുതൽ 2011-12 വരെയുള്ള റിപ്പോർട്ടിന്റെ കാലതാമസപത്രികയിൻമേൽ സമിതി ആരാഞ്ഞ അധിക വിവരം ലഭ്യമാക്കുന്നതിന് മൂന്ന് വർഷത്തോളമെടുത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. കൂടാതെ സ്ഥാപനത്തിന്റെ 2012-13 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. വകുപ്പിന്റെ നിരുത്തരവാദപരമായ ഈ നടപടിയിൽ സമിതി അമർഷം രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുവാനും റിപ്പോർട്ട് സമർപ്പണം സമയബന്ധിതമാക്കുവാനും, സമിതി ആവശ്യപ്പെടുന്ന വിവരം കൃത്യതയോടെ ലഭ്യമാക്കുവാനും വകുപ്പ് സെക്രട്ടറി തലത്തിൽ മോണിറ്ററിംഗ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥ തലത്തിലുള്ള സംവിധാനവുമുണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്**

24. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ റിപ്പോർട്ടാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കുന്നത്. ഭരണ റിപ്പോർട്ട് ചട്ടപ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതില്ല. റിപ്പോർട്ടിന്റെ പുറം ചട്ടയിൽ വാർഷിക റിപ്പോർട്ട്/ഓഡിറ്റ് റിപ്പോർട്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തിയാൽ മാത്രമേ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ 2014-15 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. സ്ഥാപനത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകളുടെ കാലതാമസ പത്രികയിൽ 'കെട്ടിടം മാറേണ്ടിവന്നതിനാലാണ് ഓഡിറ്റ് പൂർത്തീകരിക്കാൻ വൈകിയത് ' എന്ന് പരാമർശിച്ചിരുന്നു. ഇത്തരം ബാലിശമായ കാരണങ്ങൾ യുക്തിക്ക് നിരക്കാത്തതാണ്. ഗൗരവമുള്ള സംഗതിയിൽ ഇപ്രകാരമുള്ള മറുപടി നൽകി സമിതിയെ അവഹേളിക്കുന്ന നിലപാട് ആവർത്തിക്കരുതെന്നും അടിയന്തരമായി കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും റിപ്പോർട്ട് സമർപ്പണം കാലികമാക്കണമെന്നും സമിതി തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും 2014-15 മുതൽ 2017-18 വരെയുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല.

25. 2014-15 മുതൽ കുടിശ്ശികയായിട്ടുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ട് സമർപ്പണം കാലികമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള ലളിതകലാ അക്കാദമി**

26. ചിത്രം, ശില്പം, വാസ്തുശില്പം, ഗ്രാഫിക്സ് എന്നീ കലകളുടെ വികസനത്തിനായി 1962 നവംബർ 22-ാം തീയതി തൃശ്ശൂർ ആസ്ഥാനമാക്കി കേരള ലളിതകലാ അക്കാദമി പ്രവർത്തനം ആരംഭിച്ചു. ചിത്രം, ശില്പം, വാസ്തുശില്പം, ഗ്രാഫിക്സ് മുതലായവയുടെ പരിപോഷണത്തിനുവേണ്ടിയാണ് ഈ സ്ഥാപനം ആരംഭിച്ചത്.

27. 2015-16 മുതൽ 2017-18 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശിക വരുത്തിയതിനാലാണ് കേരള ലളിതകലാ അക്കാദമിയെ സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പിൽ നിന്നും 25-9-2019-ൽ തെളിവെടുപ്പ് നടത്തിയത്. എന്നാൽ സ്ഥാപനത്തിന്റെ 2018-19 വരെയുള്ള റിപ്പോർട്ടുകൾ സ്ഥാപനം സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും വകുപ്പിൽ നിന്നും നിയമസഭയ്ക്ക് ലഭ്യമാക്കാതിരുന്ന നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

28. സ്ഥാപനത്തിന്റെ ഇനി മുതൽ ലഭ്യമാകുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ പ്രവർത്തന റിപ്പോർട്ട് എന്ന് രേഖപ്പെടുത്തുന്നതിന് പകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് രേഖപ്പെടുത്തി ഓരോ വർഷത്തേയും കുടിശ്ശിക റിപ്പോർട്ടുകൾക്ക് പ്രത്യേകം പ്രത്യേകം കാലതാമസപത്രിക സഹിതം അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സാഹിത്യ അക്കാദമി**

29. മലയാള ഭാഷയേയും അതിന്റെ പൈതൃക സാഹിത്യത്തേയും പരിപോഷിപ്പിക്കുന്നതിനായി 1956 ആഗസ്റ്റ് 15-ന് സ്ഥാപിച്ച സ്വയംഭരണസ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. 1958-ൽ ആസ്ഥാനം തിരുവനന്തപുരത്തു നിന്നും തൃശ്ശൂരിലേക്ക് മാറ്റി. സാഹിത്യ സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിയവരെ ആദരിക്കൽ, ഗവേഷണം, ശില്പശാല, സാഹിത്യ പഠന ക്യാമ്പുകൾ, ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചക്ക് ഉതകുന്ന മികച്ച ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക, മറ്റ് ഭാഷകളിൽ നിന്നും പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജമ ചെയ്യുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾ ആക്കാദമി നടത്തി വരുന്നു. പ്രവർത്തന മഹിമയും ജോലി ബാഹുല്യവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ വലിയ ഒരു തുക വർഷം തോറും ഗ്രാന്റായി നൽകി വരുന്നുണ്ട്.

30. പ്രസ്തുത സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക റിപ്പോർട്ട് 29-5-2019-ന് സഭയിൽ സമർപ്പിച്ചു. ഈ സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുടിശ്ശികയായിട്ടുള്ള വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സമർപ്പിക്കണമെന്നും 2018-19-ലെ വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

31. മലയാള ഭാഷയുടെ വികാസത്തിനും വിജ്ഞാന സാഹിത്യ പ്രവർത്തനങ്ങൾക്കും പ്രചാരണം നൽകുന്നതിനായി കേരള സർക്കാർ 1968 സെപ്റ്റംബർ 16-ന് തിരുവനന്തപുരം ജില്ലയിലെ നന്തൻകോട് ആസ്ഥാനമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചു.

32. സ്ഥാപനത്തിന്റെ യാതൊരു റിപ്പോർട്ടും നാളിതുവരെ നിയമസഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിന്റെ വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി നിയമസഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

33. കേരള സർക്കാരിന്റെ കീഴിൽ 1981 മേയ് 21-ന് സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചു. ബാല സാഹിത്യ കൃതികളിലൂടെ കുട്ടികളുടെ കഴിവിനെ വികസിപ്പിച്ചെടുക്കുക എന്നതാണ് ലക്ഷ്യം. 2011-12-ലെ ഭരണ റിപ്പോർട്ടുകൾ 1-12-2015-ന് സഭയിൽ സമർപ്പിച്ചതിന് ശേഷം മറ്റൊരു റിപ്പോർട്ടും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ടുകൾ കുടിശ്ശികയാക്കിയത് സമിതി ഗൗരവത്തോടെ കാണുന്നു. സ്ഥാപനത്തിന്റെ 2012-13 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും ഇനി മുതൽ ഭരണ റിപ്പോർട്ടിനുപകരം വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ തന്നെ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## കേരള സംഗീത നാടക അക്കാദമി

34. 1958 ഏപ്രിൽ 26-ന് രൂപീകൃതമായ കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു. സംഗീതം, നൃത്തം, നാടകം എന്നിവയുടെ പരിപോഷണമാണ് സ്ഥാപനത്തിന്റെ ലക്ഷ്യം. പ്രസ്തുത സ്ഥാപനത്തിന്റെ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തന മികവിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ വാർഷിക ഓഡിറ്റ് റിപ്പോർട്ടെന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പൈതൃക പഠന കേന്ദ്രം (സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്)

36. കേരള സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിലെ തൃപ്പൂണ്ണിത്തുറ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് പൈതൃക പഠന കേന്ദ്രം. പൈതൃകം സംബന്ധമായ വിവിധ വിഷയങ്ങളിൽ ഉള്ള കോഴ്സുകൾ നടത്തുന്നതോടൊപ്പം ഈ മേഖലയിൽ ഉള്ള പരിശീലന പരിപാടികൾ,

ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവയും ഈ കേന്ദ്രം നടത്തി വരുന്നു. യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള നിരവധി കോഴ്സുകളും പ്രൊഫഷണൽ ട്രെയിനിംഗ് കോഴ്സുകളും നടത്തിവരുന്നതോടൊപ്പം പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 25-ഓളം പ്രസിദ്ധീകരണങ്ങളും ഈ കേന്ദ്രം പുറത്തിറക്കിയിട്ടുണ്ട്.

37. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ 2006-07 മുതൽ 2011-12 വരെയുള്ള ഭരണ റിപ്പോർട്ടുകളിലെ കാലതാമസ പത്രികകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളുമയച്ചിട്ടും തെളിവെടുപ്പ് തീയതി വരെ യാതൊരു മറുപടിയും ലഭ്യമാക്കിയിരുന്നില്ല. ഇത്തരത്തിലുള്ള വീഴ്ച ആവർത്തിക്കാതിരിക്കണമെന്നും കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കൃത്യത വരുത്തുന്നതിന് വകുപ്പുതലത്തിൽ ശ്രദ്ധചെലുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

38. 1998 ആഗസ്റ്റിലാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി തിരുവനന്തപുരത്ത് കവടിയാർ ആസ്ഥാനമായി രൂപീകൃതമായത്. ഫിലിം സൊസൈറ്റികൾ, പുസ്തക പ്രസിദ്ധീകരണം, ചലച്ചിത്ര സെമിനാറുകൾ എന്നിവയിലൂടെ കേരളത്തിലെ ജനങ്ങളിൽ ചലച്ചിത്ര സാക്ഷരത ഉണ്ടാക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. കേരളത്തിൽ അന്താരാഷ്ട്ര ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുന്നത് ഈ സ്ഥാപനമാണ്.

39. സ്ഥാപനത്തിന്റെ 2010-11 വരെയുള്ള ഭരണ റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും മാത്രമാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 2018-19 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടെന്നും 2019 ഒക്ടോബർ മാസത്തെ യോഗത്തിലും ഡിസംബർ മാസത്തെ ജനറൽ കൗൺസിൽ മീറ്റിംഗിലും സമർപ്പിച്ച് അംഗീകാരം വാങ്ങി പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതാണെന്നും സ്ഥാപനത്തിന്റെ സെക്രട്ടറി 25-9-2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. പ്രസ്തുത സ്ഥാപനത്തിൽ സെക്രട്ടറിയും ഡ്രൈവറും ഒഴികെ മറ്റെല്ലാവരും താൽകാലിക ജീവനക്കാരാണെന്നും അവരെ ഒന്നോ രണ്ടോ വർഷത്തേയ്ക്ക് മാത്രമാണ് നിയമിക്കുന്നതെന്നും അതാണ് റിപ്പോർട്ടുകൾ വൈകുന്നതിനുള്ള പ്രധാനകാരണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചു.

40. തെളിവെടുപ്പ് യോഗത്തിൽ സെക്രട്ടറി നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം സാംസ്കാരിക വകുപ്പ് ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

41. കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ ഭരണ റിപ്പോർട്ടിനുപകരം വാർഷിക/ഓഡിറ്റ് റിപ്പോർട്ട് എന്ന് വ്യക്തമായി രേഖപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**ഉണ്ണായി വാര്യർ സ്മാരക കലാനിലയം**

42. കഥകളിയുടെ പ്രചാരണത്തിനും പ്രോത്സാഹനത്തിനുമായി 1955-ൽ ഇരിങ്ങാലക്കുട ആസ്ഥാനമായി ഉണ്ണായി വാര്യർ സ്മാരക കലാനിലയം നിലവിൽ വന്നു. ഉണ്ണായി വാര്യർ സ്മാരക കലാനിലയം ഒരു സ്വകാര്യ സൊസൈറ്റിയാണ്. പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ കാലതാമസമില്ലാതെ സഭയിൽ സമർപ്പിക്കുന്ന നടപടിയിൽ സമിതി പ്രത്യേക അഭിനന്ദനം രേഖപ്പെടുത്തുന്നു. തുടർന്നും ഇതേ രീതിയിൽ തന്നെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും മറ്റ് സ്ഥാപനങ്ങൾ ഈ മാതൃക തുടരേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത സ്ഥാപനം വാർഷിക റിപ്പോർട്ട് മാത്രമാണ് സഭയിൽ സമർപ്പിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിൽ നിന്നും 50 ലക്ഷത്തിനു മുകളിൽ നോൺ-പ്ലാൻ ഫണ്ട് സ്വീകരിക്കുന്നതിനാൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത കണക്കുകളും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. അഞ്ച് ജവഹർ ബാലഭവനുകൾ, ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ, ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിബോർഡ്, മലയാളം മിഷൻ എന്നീ സ്ഥാപനങ്ങൾ വാർഷിക/ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നില്ലെന്ന് സമിതി കണ്ടെത്തുകയും മൂന്ന് മാസത്തിനകം ഗവൺമെന്റിന് കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് 25-9-2019-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശികയുള്ള ഓഡിറ്റ് കണക്കുകളും വാർഷിക റിപ്പോർട്ടും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**പൊതു ശിപാർശകൾ/നിർദ്ദേശങ്ങൾ**

44. സാംസ്കാരികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാരിന്റെ സാമ്പത്തിക സഹായം കൈപ്പറ്റുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും ലിസ്റ്റും ഓരോ സ്ഥാപനത്തിനും 2018-19 സാമ്പത്തിക വർഷം ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ചുമുള്ള വിശദവിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

45. സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനും വാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റഡ് അക്കൗണ്ട്സുകൾ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സഭയിൽ സമർപ്പിക്കാനും സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന വിശദവിവരം അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

46. സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ

10 വർഷത്തിനുള്ളിൽ പ്രവർത്തനം നിലച്ചതോ മറ്റേതെങ്കിലും സ്ഥാപനത്തിൽ ലയിപ്പിച്ചിട്ടുള്ളതോ ആയ സ്ഥാപനമുണ്ടെങ്കിൽ, എന്ന് അതിന്റെ പ്രവർത്തനം നിർത്തി, ഏത് സ്ഥാപനത്തിൽ ലയിപ്പിച്ചു, പ്രവർത്തനം നിലച്ച വർഷം വരെയുള്ള വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ തുടങ്ങിയവ വ്യക്തമാക്കുന്ന റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

47. സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിനു ശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

48. കുടിശ്ശിക വരുത്തിയ റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിൽ "മേലിൽ ഇത്തരം കാലതാമസം വരുത്തുകയില്ല" എന്ന് സത്യവാങ്മൂലം നൽകിയിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീണ്ടും കാലതാമസം ഉണ്ടാകുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന കാലതാമസപത്രികകൾ ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ പ്രകാരമുള്ളതായിരിക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

49. വിവിധ വർഷങ്ങളിലെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ അതാതു വർഷം ലഭ്യമാക്കാതിരിക്കുകയും പിന്നീട് അവ ഒരുമിച്ച് സമിതിക്ക് നൽകുകയും അവയ്ക്കെല്ലാം കൂടി ഒരു കാലതാമസപത്രിക മാത്രം സമർപ്പിക്കുകയും ചെയ്യുന്ന പ്രവണത നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും വകുപ്പ് തുടർന്നുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. റിപ്പോർട്ടുകൾ, എസ്. ആർ. ഒ.-കൾ, മറ്റ് രേഖകൾ എന്നിവ നിയമസഭാ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സഭയിൽ സമർപ്പിക്കാതെ എല്ലാം കൂടി ഒരുമിച്ച് ചില പൊതുവായ കാരണം പറഞ്ഞ് ഒരു കാലതാമസപത്രിക മാത്രം സമർപ്പിക്കുന്ന രീതി അവസാനിപ്പിക്കണമെന്നും കാലതാമസത്തിനുള്ള കാരണം പലതാണെന്നിരിക്കെ റിപ്പോർട്ട്, എസ്.ആർ.ഒ., വിജ്ഞാപനം എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കുന്നതിന് വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

50. ഒരു സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തിക വർഷം അവസാനിച്ച് 9 മാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കണമെന്ന് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതിനാൽ സ്ഥാപനത്തിന്റെ ആക്ടിൽ നിഷ്കർഷിച്ചിട്ടില്ലെങ്കിലും നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 166 (B) പ്രകാരം ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

51. നിയമസഭയ്ക്ക് രേഖകൾ സമർപ്പിക്കേണ്ടതിന്റെ ഗൗരവം ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുന്നതിന് വകുപ്പ് സെക്രട്ടറി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ, നിയമസഭയുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിക്ക് ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

52. കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2019 നവംബർ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.